4 ജൂലൈ 2010

# പെന്തിക്കോസ്തിക്കുശേഷം ആറാം ഞായർ

## ലൂക്കോ 15:1-7

ഫാ. ഗീവർഗീസ് വല്യചാങ്ങവീട്ടിൽ

യേശുവിന്റെ അടുക്കലേയ്ക്ക് വരുന്ന ജനക്കൂട്ടത്തോട് യേശുതമ്പുരാൻ പറയുന്ന ഉപമയാണ് ഇന്നത്തെ സുവിശേഷഭാഗം. ഇപ്രകാരം യേശുവിലേയ്ക്ക് കടന്നുവരുന്നവരിലേയ്ക്ക് ദൈവത്തിന്റെ അതിരുകളില്ലാത്ത, വ്യവസ്ഥകളില്ലാത്ത, ക്ഷമിക്കുന്ന സ്നേഹം കടന്നുവരുകയാണ്. സ്നേഹത്തിലേയ്ക്കും അങ്ങനെ ദൈവത്തിലേയ്ക്കും കടന്നുവരുന്ന ജനം ക്രിസ്തുശിഷ്യരുടെ പ്രതിനിധികളാണ്. ക്രിയാത്മകമായി ദൈവത്തോടും ദൈവവചനത്തോടും പ്രതികരിക്കുന്നവർക്കുമാത്രമേ ദൈവത്തിൽ നിന്ന് അനുഗ്രഹങ്ങൾ സ്വീകരിക്കാനാകൂ. അതുകൊണ്ടാണ് അനുതപിക്കുന്ന പാപിയെ ഓർത്ത് സ്വർഗം കൂടുതൽ സന്തോഷിക്കുന്നുവെന്ന് കർത്താവ് അരുളിച്ചെയ്തത്. തെറ്റുചെയ്യുക മാനുഷികമാണ്. എന്നാൽ അനുതപിച്ച് ദൈവത്തിലേയ്ക്ക് മടങ്ങിവരുന്നത് ദൈവപ്രചോദിതമായ ഒരു പ്രവൃത്തിയാണ്. ദൈവത്തിലേയ്ക്കുള്ള മടക്കയാത്ര ദൈവകൃപയാൽ മാത്രമേ സാധ്യമാകൂ.

അതേസമയം യേശുവിന്റെ അടുക്കലേയ്ക്ക് ജനക്കൂട്ടം വരുമ്പോൾ വ്യർത്ഥാഭിമാനികളായ ഫരിസേയരും നിയമജ്ഞരും അസൂയാലുക്കളാകുന്നതും പിറുപിറുക്കുന്നതും ഇന്നത്തെ സുവിശേഷഭാഗത്ത് നമുക്ക് കാണാം. അവർ ദൈവത്തിന്റെ അടുക്കലേയ്ക്ക് പോകാൻ വിമുഖത കാട്ടുക മാത്രമല്ല, അങ്ങനെ പോകുന്നവരെ തടയുകയും ചെയ്യുകയാണ്. മനുഷ്യരുടെ അടുക്കലേയ്ക്കുള്ള ദൈവത്തിന്റെ യാത്രപോലും നിയമത്തിന്റെ പേരിൽ തടസപ്പെടുത്തുന്നവരാണ് ഇവർ. ദൈവത്തിന്റെ അടുക്കലേയ്ക്കുള്ള നമ്മുടെ പ്രയാണത്തെ തടയുന്ന ശക്തികൾ എന്നും ലോകത്തിൽ നമുക്ക് കാണാം. ഇത്തരം ശക്തികൾക്കെതിരെയുള്ള യേശുവിന്റെ പ്രതികരണമാണ് ഇന്നത്തെ സുവിശേഷഭാഗം.

അനന്തവും അചഞ്ചലവുമായ ദൈവസ്നേഹം (ജറെ 31:3) മനുഷ്യർക്ക് അനിർഗളം സംലഭ്യമായത് യേശുവിലാണ്. നഷ്ടപ്പെട്ടുപോയതിനെ തിരികെ കണ്ടെത്താൻ തനിക്കുള്ള സമ്പാദ്യം മുഴുവൻ ഉപേക്ഷിക്കുന്ന യഥാർത്ഥ ഉടമസ്ഥന്റെ ചിത്രമാണ് ചുങ്കക്കാരോടും പാപികളോടുമൊന്നിച്ച് ഭക്ഷണത്തിനിരിക്കുന്ന ക്രിസ്തുവിൽ നാം കാണുന്നത്. കാരണം, ദൈവത്തിന് എല്ലാവരും അമൂല്യരും വിലപ്പെട്ടവരുമാണ് (ഏശ 43:4-5). സാമൂഹിക നീതിവ്യവസ്ഥ ഏൽപ്പിക്കുന്ന പരിധികൾക്ക് ദൈവത്തിന്റെ സ്നേഹം സ്വീകരിക്കുന്നതിൽ നിന്നും ആരെയും തടയാൻ സാധിക്കില്ല. സമൂഹത്തിന്റെ സംരക്ഷണത്തിനും കുടുംബങ്ങളുടെ പരിപോഷണത്തിനുമാണ് നിയമങ്ങൾ. അവ ഒരിക്കലും മനുഷ്യത്വപരമായ സമീപനങ്ങളെ നിഷേധിക്കുന്നവയാകരുത്. അങ്ങനെയായാൽ സമൂഹത്തിന്റെ കുടുംബങ്ങളുടെ വ്യക്തികളുടെ വളർച്ച തടസപ്പെടും.

മനുഷ്യത്വരഹിതമായ നിയമപരിപാലനത്തിന് യഹൂദർ അമിത പ്രാധാന്യം നൽകി. നിയമത്തിന്റെ പേരിൽ അർഹതപ്പെട്ട നന്മകളും ആനുകൂല്യങ്ങളും മനുഷ്യർക്ക് നഷ്ടമായി. സാധാരണക്കാർക്ക് ദൈവത്തെ സമീപിക്കാനാവാത്ത വ്യവസ്ഥിതിയാണ് അന്ന് നിലനിന്നിരുന്നത്. യേശുവിന്റ ജീവിതമനോഭാവങ്ങളും പ്രവർത്തന രീതികളും യഹൂദ നിയമത്തെ നിശിതമായി വിമർശിക്കുന്നവയായിരുന്നു.സമൂഹത്തിലെ പാവപ്പെട്ടവർക്കും അവഗണിക്കപ്പെട്ടവർക്കും നീതി ലഭിക്കുമ്പോഴാണ് വികസനം പൂർണമാകുന്നതെന്ന ഗാന്ധിയൻ തത്വചിന്ത യേശുവിൽ പ്രകടമായ ദൈവസ്നേഹത്തിന്റെ പരിണിതഫലമാണ്. എല്ലാവരെയും ഉൾക്കൊള്ളാൻ തക്കവിധം വിശാലമായിരിക്കണം ക്രിസ്തുശിഷ്യന്റെ ജീവിതം. സ്വാർത്ഥത ഉപേക്ഷിച്ച് എല്ലാവരെയും സ്വന്തമാക്കുന്നതാണ് ശിഷ്യത്വത്തിന്റെ വില (14:26) എന്ന ക്രിസ്തുവിന്റെ പ്രബോധനത്തിന്റെ തുടർച്ചയായിട്ടാണ് കാണാതായ ആടിന്റെ ഉപമ നാം കാണുന്നത്.

നഷ്ടപ്പെട്ടതിനെ തിരികെ നേടുമ്പോൾ സ്വർഗം അധികമായി സന്തോഷിക്കുന്നു. കാരണം, ഓരോ തിരിച്ചുവരവും ദൈവത്തിന്റെ ഹൃദയത്തോട് ചേർത്തു വയ്ക്കലാണ്; അങ്ങനെ ദൈവത്തിന് സ്വന്തമാകലാണ്. ചുങ്കക്കാരും പാപികളും അവഗണിക്കപ്പെട്ടവരും എല്ലാം ദൈവത്തിനുമുമ്പിൽ സ്വീകാര്യരാണ്. ദൈവത്തിന്റ ഈ മനോഭാവം ലോകത്തിന്റെ സമീപനത്തിൽ നിന്ന് വ്യത്യസ്തമാണ്. ദൈവം

ഒന്നിനെയും അകറ്റിനിറുത്തുന്നില്ല. ഇന്ന് നാം കഴിവുള്ളിടത്തോളം മറ്റുള്ളവരെ നമ്മിൽനിന്ന് അകറ്റിനിറുത്താനാണ് ആഗ്രഹിക്കുന്നത്. സ്വാർത്ഥത നമ്മുടെ ഹൃദയത്തെയും മനസിനെയും പരിമിതപ്പെടുത്തുന്നു. 'ഞാനും' 'എന്റേതും' എന്നീ ചിന്തയിലൂന്നിയ ജീവിതശൈലി എവിടെയും വളർന്ന് വരുന്നു. എന്നാൽ ക്രിസ്തുശിഷ്യന്റെ ജീവിതം ദൈവത്തെയും സമസ്തലോകത്തെയും ഉൾക്കൊള്ളാൻവിധം വിശാലമായിരിക്കണം.

കുടുംബബന്ധങ്ങളിൽ വ്യക്തിപരമായ സ്വാർത്ഥ താല്പര്യങ്ങൾക്ക് അമിത പ്രാധാന്യം കൽപിക്കുമ്പോൾ സമൂഹമെന്ന തലത്തിന് അപചയം സംഭവിക്കുന്നു. അപ്പോൾ കുടുംബം പരസ്പര ബന്ധമില്ലാത്ത വ്യക്തികൾ വസിക്കുന്നിടമായിത്തീരും. മാനുഷികമായ തെറ്റുകൾ ക്ഷമിച്ച് പരസ്പരം ഉൾക്കൊള്ളാനും വളർത്താനും കഴിയുമ്പോൾ കുടുംബങ്ങളിൽ സന്തോഷം വർദ്ധിക്കും. അർത്ഥശൂന്യമായ ആഘോഷങ്ങളല്ല, ജീവിതബന്ധിയായ അനുഷ്ഠാനമായിരിക്കണം കുടുംബജീവിതം.

വഴിതെറ്റിപ്പോയതിനെ ക്ഷീണംമറന്ന് അന്വേഷിക്കുന്ന ദൈവമാണ് നമുക്കുള്ളത്. അതിന്റെ തിരിച്ചുവരവിനുവേണ്ടി ദൈവം കാത്തിരിക്കുകയാണ്. ദൈവത്തിന്റെ അന്വേഷണവും കാത്തിരിപ്പും ദൈവസ്നേഹത്തിന്റെ അടയാളങ്ങളാണ്. ഓരോ പ്രഭാതത്തിലും കർത്താവിന് നമ്മോടുള്ള സ്നേഹം പുതിയതാണ് (വിലാപം 3:22-23) എന്ന ദൈവവചനം നമ്മെ അനുസ്മരിപ്പിക്കുന്നത് ദൈവത്തിന്റെ അചഞ്ചലവും അനന്തവുമായ സ്നേഹത്തെയാണ് (ജറെ 31:3). ഈ സ്നേഹം ഇന്ന് നമുക്ക് ലഭിക്കുന്നത് സഭയിലൂടെയും കൂദാശകളിലൂടെയുമാണ്. പാപംമൂലം ദൈവസന്നിധിയിൽ നിന്നകന്ന നാം ഓരോ കൂദാശാ സ്വീകരണവേളയിലും വീണ്ടും ദൈവവുമായി ഒരുമിക്കുന്നത് സഭയിലാണ്.

കുടുംബം സജീവവും ജീവദായകവുമാകുന്നത് ഇപ്രകാരം സ്വന്തമായത് മറ്റുള്ളവർക്കായി നൽകുമ്പോഴാണ്. വ്യക്തികൾ ബഹുമാന്യരും വിലപ്പെട്ടവരുമാണ്. വ്യക്തികളെ മാറ്റി നിർത്തി കുടുംബമോ സമൂഹമോ നിലനിൽക്കില്ല. സുരക്ഷിതമായ 99-നെക്കാൾ കൂടുതൽ പരിഗണനയും സ്നേഹവും നഷ്ടപ്പെട്ടതിന് നൽകുമ്പോൾ ദൈവരാജ്യ സംസ്കൃതി രൂപപ്പെടാൻ തുടങ്ങും. പാപം ചെയ്താലും ദൈവത്തിന്റ മുമ്പിൽ തങ്ങൾ സ്വീകരിക്കപ്പെടും എന്ന വിശ്വാസമാണ് ഭൂമിയിൽ ജീവിക്കാനും കർത്തവ്യങ്ങൾ അനുഷ്ഠിക്കാനും നമ്മെ പ്രാപ്തരാക്കുന്നത്. സമൂഹത്തിലെ മാറ്റി നിർത്തപ്പെട്ടവരെയെല്ലാം സ്വന്തമായി സ്വീകരിച്ച് അവരിലേയ്ക്ക് ഇറങ്ങിച്ചെന്ന യേശുവിന്റെ ജീവിതമാണ് നമ്മുടെ മാതൃക.

മറ്റുള്ളവർക്ക് ലഭിക്കുന്ന നന്മകണ്ട് അസൂയപ്പെടുന്ന മനുഷ്യർക്ക് ഒരിക്കലും സംതൃപ്തിയും സന്തോഷവും അനുഭവിക്കാൻ സാധിക്കില്ല. ഇന്നത്തെ സമൂഹത്തിലും ഇപ്രകാരം അനേകരുണ്ട്. തങ്ങൾക്ക് ദൈവം നൽകുന്ന നന്മകളെ അവഗണിച്ച് മറ്റുള്ളവർക്ക് ലഭിക്കുന്നതിനെയോർത്ത് അസ്വസ്ഥരാകുന്നവർ യേശുവിൽനിന്നും അനുഗ്രഹങ്ങൾ സ്വീകരിച്ച ചുങ്കക്കാരും പാപികളുമായവരെ കണ്ട് യേശുവിനെതിരെ പിറുപിറുക്കുന്ന ഫരിസേയർക്കും നിയമജ്ഞർക്കും തുല്യരാണവർ. അവർക്ക് ദൈവവും സഹോദരരും അന്യരാകും. സ്വന്തം ജീവിതംപോലും നഷ്ടമാകും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&